

തിരുവിതാംകോട്ടു സർക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY

ഉത്തരവിൻ പ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLII.] TRIVANDRUM, TUESDAY, APRIL 12, 1904. / PANGUNY 31, 1079. No. 15.

വാല്യം ൪൨. തിരുവനന്തപുരം ൧൯൦൪ ഏപ്രിൽ ൧൨ / ൧൦൭൯ മീനം ൩൧ ചൊവ്വാഴ്ച നംബർ. ൧൫.

CONTENTS.

Supplements.

സപ്ലിമെന്റുകൾ.

Part I. — ഒന്നാം ഭാഗം.

Appointments.

REVENUE AND MAGISTRACY.

R. Krishna Pillai B. A. & B. L., Sheristadar, Division Cutcherry, Trivandrum, to act as Tahsildar, Chirayinkil Taluk, during the absence of M. R. Ry. Govinda Pillai on leave, or until further orders.

M. R. Ry. Raghavachari B. A., acting Division Assistant and 1st class Magistrate, Trivandrum, to be also in charge of the duties of the Trivandrum Taluk during the absence of Krishna Pillai B. A. & B. L., on leave, or until further orders.

REGISTRATION DEPARTMENT.

Ramalinga Aiyar, 1st Gumastah, Sub-Registrar's Office, Neyyattinkara, to act as Sub-Registrar, Neyyattinkara, during the absence of Veloo Pillai on leave, or until further orders.

Leave of Absence.

REVENUE AND MAGISTRACY.

M. R. Ry. Subramony Aiyar B. A., Tahsildar and 2nd class Magistrate, Ettumanur Taluk, sick leave for three months in continuation of the leave already granted.

M. R. Ry. Govinda Pillai B. A., Tahsildar and 2nd class Magistrate, Chirayinkil Taluk, privilege leave for one month.

R. Krishna Pillai B. A. & B. L., acting Tahsildar and 2nd class Magistrate, Trivandrum Taluk, privilege leave for 10 days.

REGISTRATION DEPARTMENT.

Veloo Pillai, Sub-Registrar, Neyyattinkara, casual leave for five days.

Assumption of Charge.

REVENUE AND MAGISTRACY.

M. R. Ry. Krishnaswamy Rao B. A., appointed to be Tahsildar and 2nd class Magistrate, Pattanapuram Taluk, assumed charge of his duties on the 13th Meenom, 1079.

R. Krishna Pillai B. A. & B. L., appointed to act as Tahsildar and 2nd class Magistrate, Trivandrum Taluk, assumed charge of his duties on the 7th Meenom, 1079.

നിയമം.

മ. രാ. രാ. ഗോവിന്ദപ്പിള്ള അവധിയിലിരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയൊ ചിറയിൻകീഴ തഹശീൽദാർ ഉദ്യോഗം നോക്കുന്നതിനു തിരുവനന്തപുരം ഡിവിഷൻകച്ചേരി ശിരസ്തദാർ ആർ. കൃഷ്ണപിള്ള ബി. എ ബി. എൾ-നെ നിയമിച്ചിരിക്കുന്നു

കൃഷ്ണപിള്ള ബി എ ബി. എൽ. അവധിയിലിരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയൊ തിരുവനന്തപുരം താലൂക്ക കാര്യംകൂടി വിചാരിക്കുന്നതിനു തിരുവനന്തപുരം ആക്ടിംഗ് ഡിവിഷൻ ആസിസ്റ്റണ്ടും ൧ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ. രാഘവാചാര്യർ ബി. എയെ നിയമിച്ചിരിക്കുന്നു.

വേലുപ്പിള്ള അവധിയിലിരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയൊ നെയ്യാറ്റുംകര സബ്ബ രജിസ്ത്രാർ ജോലി നടത്തുന്നതിനു സ്ഥലത്തെ സബ്ബ രജിസ്ത്രാർ ആപ്പീസ്സ ൧ാം ഗുമസ്തൻ രാമലിംഗയ്യനെ നിയമിച്ചിരിക്കുന്നു.

അവധി കൊടുത്ത വിവരം.

ഏററുമാനൂർ തഹശീൽദാരും ൨ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ. സുബ്രഹ്മണ്യയ്യർ ബി എ-ക്കു മുമ്പ കൊടുത്ത അവധിയോടു ചേർന്ന ൩ മാസത്തെ സിക്ക്ലീവു കൊടുത്തിരിക്കുന്നു.

ചിറയിൻകീഴ താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ ഗോവിന്ദപ്പിള്ള ബി. എക്കു ഒരു മാസത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു

തിരുവനന്തപുരം താലൂക്ക ആക്ടിംഗ് തഹശീൽദാരും ൨ാം ക്ലാസ്സ മജിസ്ത്രേട്ടുമായ ആർ. കൃഷ്ണപിള്ള ബി. എ ബി എൾ-നു ൧൦ ദിവസത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

നെയ്യാറ്റുംകര സബ്ബ രജിസ്ത്രാർ വേലുപ്പിള്ളക്കു ൫ ദിവസത്തെ കാഷ്വൽ അവധി കൊടുത്തിരിക്കുന്നു.

ചാർജ ഏററ വിവരം

പത്തനാപുരം താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടുമായി നിയമിക്കപ്പെട്ട മ. രാ രാ. കൃഷ്ണസ്വാമിരായർ ബി എ. ൧൦൭൯ മീനം ൧൩൹ ചാർജ്ജേററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തിരുവനന്തപുരം താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടും ജോലി നടത്തുന്നതിനു നിയമിക്കപ്പെട്ട ആർ. കൃഷ്ണപിള്ള ബി എ. ബി എൽ. ൧൦൭൯ മീനം ൭൹ ചാർജ്ജേററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു

M. R. Ry. Sesha Aiyangar B. A. & B. L., Tahsildar and 2nd class Magistrate, transferred to Kottarakara Taluk, assumed charge of his duties on the 14th Meenom, 1079.

Resumption of Charge.

REVENUE AND MAGISTRACY.

M. R. Ry. Padmanabhan Tampi, B. A. & B. L., Tahsildar and 2nd class Magistrate, Neyyattinkara Taluk, returned from leave and resumed charge of his duties on the 8th Meenom, 1079.

REGISTRATION DEPARTMENT.

Namasivayam Pillai B. A, Sub-Registrar, Pattanapuram, returned from leave and resumed charge of his duties on the 11th Meenom, 1079.

Ramakrishua Aiyar, Sub-Registrar, Muvattupuzha, returned from leave and resumed charge of his duties on 12th Meenom, 1079.

Investiture of Powers.

Under section 11 of Regulation V of 1067, R. Krishna Pillai B. A. & B. L., appointed to act as Tahsildar, Chirayinkil Taluk, is invested with the powers of a 2nd class Magistrate while so acting.

Notification.

Under sanction of His Highness the Maha Rajah, Mr. A. D. Adams, Superintendent of the Vellanad Mines, holding office under the Morgan Crucible Company Ltd., is authorised under section 6 (1) of Regulation I of 1079, to exercise the powers of inspection, search, &c., specified in that section.

V. P. MADHAVA RAO,

Dewan.

Huzur Cutcherry,
Trivandrum,
6th April, 1904.

കൊട്ടാരക്കര താലൂക്കിലേക്ക മാറ്റപ്പെട്ട തഹശീൽദാരും ൨-ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ. ശേഷയ്യങ്കാർ ബി. എ. ബി. എൽ ൧൦൭൯ മീനം ൧൪-ാം ചാർജ്ജെറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തിരെച്ചു ചാർജ്ജേറ്റ വിവരം

നെയ്യാറ്റുംകര തഹശീൽദാരും ൨-ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ. പത്മനാഭൻ തമ്പി ബി. എ. ബി. എൽ. അവധികഴിഞ്ഞു തിരിയെ ൧൦൭൯ മീനം ൮-ാം ചാർജ്ജെറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പത്തനാപുരം സബ്ബ് രജിസ്ത്രാർ നമശിവായംപിള്ള ബി. എ അവധിയിൽ നിന്നും തിരിയെ വന്നു ൧൦൭൯ മീനം ൧൧-ാം ചാർജ്ജെറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

മൂവാറ്റുപുഴ സബ്ബ രജിസ്ത്രാർ രാമകൃഷ്ണയ്യൻ ൧൦൭൯ മീനം ൧൨-ാം അവധിയിൽ നിന്നും തിരിച്ചു വന്നു ചാർജ്ജെറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

അധികാരം കൊടുത്ത വിവരം,

ചിറയിൻകീഴ താലൂക്ക തഹശീൽദാർ കാര്യം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ട ആർ. കൃഷ്ണപിള്ള ബി. എ. ബി. എൽ-നു ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലേഷൻ ൧൧-ാം വകുപ്പനുസരിച്ചു ഒരു ൨-ാം ക്ലാസ്സ മജിസ്ത്രേട്ടിനുള്ള അധികാരം അങ്ങനെ കാര്യം വിചാരിക്കുന്ന കാലത്തേക്ക കൊടുത്തിരിക്കുന്നു

പരസ്യം

മാർഗ്ഗൻ ക്രൂസിബിൾ കമ്പനി (ലിമിറ്റെഡ്)ക്കു കീഴിൽ ജോലി നോക്കുന്ന വെള്ളനാട്ടു അകരങ്ങളിലെ സൂപ്രിന്റെണ്ടെന്റു മിസ്റ്റർ എ ഡി. ആഡംസിനു ൧൦൭൯-ാമാണ്ടത്തെ ൧-ാം റെഗുലേഷൻ ൬-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരം പരിശോധന മുതലായതു നടത്തുന്നതിനുള്ള അധികാരം ടി റെഗുലേഷൻ ടി വകുപ്പ ൧-ാം ഖണ്ഡം അനുസരിച്ചു കല്പനപ്രകാരം കൊടുത്തിരിക്കുന്നു

ദിവാൻ വി. പി. മാധവരായർ.

സി. ഐ. ഇ

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൦൭൯ മീനം ൨൪

Notification.

Under section 10 of Regulation V of 1063, it is hereby notified that M. K. Parameswaren Pillai, Deputy Ranger in charge, Koni Range, is empowered to issue summonses to parties in forest cases under section 1 thereof.

For the Dewan,
V. I. KESAVA PILLAI,
Huzur Dewan Peishcar.

Huzur Cutcherry,
Trivandrum,
9th April, 1904.

പരസ്യം.

൧൦൬൩-ാമാണ്ടത്തെ ൫-ാം റെഗുലേഷന്റെ ൧൦-ാം വകുപ്പനുസരിച്ചു ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ ടി റെഗുലേഷന്റെ ൧-ാം വകുപ്പുപ്രകാരം വനംവക കേസുകളിലെ കക്ഷികൾക്കു സമൻസയക്കുന്നതിലേക്കു കോനി റേഞ്ചിലെ ജോലി നോക്കുന്ന ഡിപ്പുടി റേഞ്ചർ എം. കെ. പരമേശ്വരൻ പിള്ളക്കു അധികാരം കൊടുത്തിരിക്കുന്നു.

ദിവാൻജി അവർകൾക്കുവേണ്ടി
ഹജൂർ ദിവാൻ പേഷ്കാർ,
വി. ഐ. കേശവപിള്ള.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൪ ഏപ്രിൽ ൯൹

NOTICE.

The Dewan will receive visitors at Bhakthivilasom every day between 8 and 10 A. M.

For the Dewan,
A. J. VIEYRA,
Chief Secretary to Government.

Huzur Cutcherry,
Trivandrum,
26th March, 1904.

പരസ്യം

ദിവാൻജി അവർകളെ കാണ്മാൻ ആഗ്രഹമുള്ളവർക്കു ഭക്തിവിലാസത്തു ദിവസംതോറും കാലത്തു ൮ മണി മുതൽ ൧൦ മണിവരെ സമയമുള്ളതാകുന്നു.

ദിവാൻജി അവർകൾക്കുവേണ്ടി,
ഗവർമെന്റു ചീഫ് സിക്രട്ടരി
എ. ജെ. വീയറാ.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൦൪ മാർച്ച് ൨൬൹

Customs Notification.

PERAVAGAY DEPARTMENT No. 533.

Under sanction of His Highness the Maharajah, it is hereby notified that reflector-castings and lamptops may be considered as component parts of a railway carriage and passed free of duty, but not regulators which are imported as parts of Railway materials.

Huzur Cutcherry,
Trivandrum,
22nd March, 1904.

V. NAGAM AIYA,
Dewan Peishcar,
In charge.

പരസ്യം.

റിഫ്ലക്ടർകാസ്റ്റിങ്ങുകളും ലാംപ്ടാപ്പുകളും ഒരു റെയിൽ വണ്ടിയുടെ ഘടകാംശങ്ങളായി ഗണിക്കപ്പെട്ടവയെ തീരുവ കൂടാതെ വിടണമെന്നും എന്നാൽ റെയിൽവെ സാമാനങ്ങളുടെ ഭാഗമായിട്ടു ഇറക്കുമതി ചെയ്യപ്പെടുന്ന റെഗുലേറ്റർകളെ അങ്ങനെ ചെയ്യാൻ പാടില്ലെന്നും കല്പനപ്രകാരം ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൦൪ മാർച്ച് ൨൨൹

ഇൻചാർജ് ദിവാൻ പേഷ്കാർ
വി. നാഗമയ്യാ.

Notification regarding the assumption of land by Government.

നമ്പർ ൧൮൨൬ ജമാബന്തി രായസം

അറിയിപ്പു.

പബ്ലിക്ക കാൎയ്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞ വസ്തുക്കളെ സൎക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിലേക്കുണ്ടായിട്ടുള്ള ൧൦൬൯-ലെ ൩ാം റെഗുലേഷൻ ൩ാം വകുപ്പും പ്രകാരം തെൎയ്യപ്പെടുത്തുന്നതു.

തിരുവിതാംകോട്ടു ചാനൽ വകയ്ക്കു ഇരണിയൽ താലൂക്കിൽ തിരുവിതാംകോടു പ്രവൃത്തിയിൽ തിരുവിതാംകോട്ടു മുല്ലക്കൻ ഉസനാർപിള്ള മല്ലുക്കമുഹമ്മതു മുതൽപേരുടെ അനുഭവത്തിൽ ഇരിക്കുന്ന കൽക്കുളം താലൂക്കിൽ കൽക്കുളം പ്രവൃത്തിയിൽ പരക്കോട്ടു മുറിയിൽ ൧൨൦ ൽ കുടിജന്മം പുരയിടം മുതലായി ൫ നമ്പർ വസ്തുക്കളിൽ നിന്നും ൩൯൮൦ ചതുരശ്ര അടിസ്ഥലം എടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. ൧൦൮൦ മീനം ൨൧നു-

ദിവാൻ വി. പി. മാധവരായര,
സി. ഐ. ഇ.

നമ്പർ ൧൮൨൭ ജമാബന്തി രായസം

അറിയിപ്പു

പബ്ലിക്ക കാൎയ്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞ വസ്തുക്കളെ സൎക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിലേക്കുണ്ടായിട്ടുള്ള ൧൦൬൯ ലെ ൩ാം റെഗുലേഷൻ ൩ാം വകുപ്പും പ്രകാരം തെൎയ്യപ്പെടുത്തുന്നതു.

തിരുവല്ലാ പള്ളിപ്പാലം പുത്തനായി പണിയിക്കുന്നതിനു തിരുവല്ലാ താലൂക്കിൽ തിരുവല്ലാ പ്രവൃത്തിയിൽ കാവുംഭാഗം മുറിയിൽ കാഞ്ഞിരക്കാട്ടായ മാലിക്കൽ വക്കി ചാക്കോ മുതൽപേരുടെ അനുഭവത്തിൽ ഇരിക്കുന്ന ടി പ്രവൃത്തിയിൽ കാവുംഭാഗം പാലിയക്കര തെക്കുംമുറി ൫ാം മുറിക്കിൽ ചെന്ന ൫ നമ്പർ വസ്തുക്കളിൽ നിന്നും ൨൩൧ പെരുക്കം സ്ഥലം എടുക്കാൻ നിശ്ചയിച്ചിരിക്കുന്നു

൧൦൮൦ മീനം ൨൧നു-

ദിവാൻ വി. പി. മാധവരായര,
സി. ഐ. ഇ.

നമ്പർ ൧൮൨൦ ജമാബന്തിരായസം

അറിയിപ്പു

പബ്ലിക്ക കാൎയ്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞവസ്തുക്കളെ സൎക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിലേക്കുണ്ടായിട്ടുള്ള ൧൦൬൯ ലെ ൩ാം റെഗുലേഷൻ ൩ാം വകുപ്പും പ്രകാരം തെൎയ്യപ്പെടുത്തുന്നതു

വട്ടിയൂർകാവു അധികാരത്തിൽ പാവടിവഴി അരുവിക്കരയ്ക്കുള്ള റോഡിൽ ൫൨ തു മയിൽ കുററിക്കു സമീപം മുതൽ കിഴക്കോട്ടു ഒരു റോഡു വെട്ടിയ്ക്കുന്നതിനു വട്ടിയൂർകാവു അധികാരത്തിൽ രണ്ടാമടപകുതിയിൽ പുത്തൻഴത്തുവീട്ടിൽ മാതേവൻ കാളി മുതൽപേരുടെ അനുഭവത്തിൽ ഇരിക്കുന്ന ടി പകുതിയിൽ സൎവെ ൫൩൮ ൽ ശ്രീപണ്ടാര വക ഒററി ഇരുകരവാരം പുരയിടം മുതലായി ൩ നമ്പർ വസ്തുക്കളിൽ നിന്നും ൨൩൫൪൦ ചതുരശ്ര അടി സ്ഥലം എടുക്കാൻ നിശ്ചയിച്ചിരിക്കുന്നു

൧൦൮൦ മീനം ൨൧നു-

ദിവാൻ. വി. പി. മാധവരായര,
സി. ഐ. ഇ.

Rules regarding the introduction of License Fees, in the Town of Alleppey, passed by His Highness the Maha Rajah on the 25th February, 1904/13th Kumbhom, 1079, under Sections 33, 53, 55, and 60 of Regulation III of 1076.

GENERAL RULES.

1. Applications for Licenses shall be made in writing to the President of the Town Improvement Committee.

2. The application for license shall be made in the prescribed printed form which can be had at the Committee's office on payment of a fee of one chuckram each.

3. The applications shall be accompanied by the fee prescribed for the license under these rules.

4. The applications will be disposed of by the Committee, and in emergent cases by the President.

5. A list of such licenses granted by the President shall be laid before the Committee at its next ordinary meeting for confirmation.

6. Licenses will be granted in the manner and subject to the conditions hereinafter laid down.

7. The license holder shall obey the orders of the President with regard to the arrangements to be made and precautions to be taken in connection with the purpose for which the license is granted.

8. A license shall hold good until the end of the official year for which it is granted, unless it is cancelled by the Committee for sufficient reasons, or unless it is otherwise provided for in the license.

9. Should a license be cancelled on account of the misconduct of the licensee, the fee paid shall not be returned.

10. If an application for license be not granted the fee paid along with the application shall be refunded to the applicant.

11. The licensee shall hold himself responsible for any act of omission or commission in violation of the conditions of the license on the part of his agents or servants.

12. A register of licenses granted shall be kept in the Committee's office, and a duplicate thereof shall be kept with the Sanitary Inspector, or any other officer appointed for the purpose.

13. The license holder shall produce the license when called for by any member or officer appointed for the purpose.

These rules shall come into force from the 1st of Medom, 1079.

Section 33.

Temporary Occupation of Streets.

CONDITIONS.

1. The fee for the license shall be at the rate of 4 chs. for every 100 sq. ft. or fraction thereof for each day of occupation.

2. The licensee shall enclose the part occupied and shall during nights put up warning lights at the site.

3. The licensee shall restore the portion occupied to the original state, on the expiry of the period for which the license is granted.

License form A— (as appended below.)

Section 53.

Offensive and Dangerous Trades.

Places used for any of the following, namely

1. Melting tallow.
2. Boiling bones, offal, and blood.
3. (*a*) Soap house, oil-boiling house, and dyeing house.
   (*b*) Tannery.
4. Brick kiln, tile kiln, and lime kiln.
5. (*a*) Ginger bleaching.
   (*b*) Store house for fish, prawns, fish oil, and hides.
6. Yard or depot for trade in
   (*a*) Straw, bamboos, arecanut trees, cadjans, dry sticks (pattals), charcoal, cocoanut shells, and firewood.
   (*b*) Timber and coal.
   (*c*) Coir yarn or fibre, coir manufactured goods, hemp, and cotton.
   (*d*) Copra.
   (*e*) Oil mills.
7. Store house for explosives such as
   (*a*) Gunpowder or blasting powder.
   (*b*) Dynamite or other kindred explosives.
   (*c*) Petroleum.
8. Drama and Circus when held on public grounds.

CONDITIONS.

(1) The roof of any building used for the storage or preparation of articles which the Committee may consider to be dangerous or explosive shall be made of non-inflammable materials.

(2) The licensee shall make sufficient provision for protecting combustible articles from taking fire.

(3) The following license fees shall be charged :—

(1) Melting tallow—Rs. 6 per annum.

(2) Boiling bones, offal, and blood—Rs. 6 per annum.

(3) (*a*) Soap house, oil boiling house, and dyeing house—fees ranging from Rs. 3 to Rs. 12 per annum.

(*b*) Tannery—Rs. 12 per annum.

(4) Brick kiln, tile kiln, and lime kiln—Rs. 12 per annum.

(5) (*a*) Ginger bleaching—Rs. 12 per annum.

(*b*) Storing fish, prawns, fish oil, and hides in quantities exceeding one Indian maund of 82 $\frac{2}{7}$ lbs. (avoir), Rs. 3 to Rs. 12 per annum.

(6) Yard or depot for trade in

(*a*) Straw, bamboos, arecanut trees, cadjans, dry sticks (pattals), charcoal, cocoanut shells, and firewood—Rs. 3 to 6 per annum.

(*b*) Timber and coal, Rs. 20 per annum.

(*c*) Coir yarn or fibre, coir manufactured goods, hemp, and cotton—Rs. 6 to Rs. 12 per annum.

(*d*) Copra—Rs. 12 per annum.

(*e*) Oil mills—Rs. 12 per annum.

(7) (*a*) Gunpowder or blasting powder, retail, 25 lbs. and under—Rs. 6 per annum; wholesale, over 25 lbs.—Rs. 12 per annum.

(*b*) Dynamite and other kindred explosives—Rs. 36 per annum.

(*c*) Petroleum,

retail, 100 gallons and under—Rs. 2 per annum; wholesale, *i. e.*, exceeding 100 gallons—Rs. 12 per annum, provided that every wholesale dealer will have the liberty to maintain one retail shop free of license fees. Those stored in Government godowns shall also be charged for as wholesale, and the fee paid by the importers.

(8) Drama and Circus—R. 1 per diem.

License form B—(as appended below)

Section 55.

A. SLAUGHTER-HOUSE.

CONDITIONS.

(1) The slaughter house shall be located in a place specially designed by the Committee.

(2) The building shall be enclosed and shut out from public view, and the floor thereof shall be well paved or cemented and made impervious. It shall always be kept clean. The floor shall be washed at least once a day and all the refuse matter, offal, &c., shall be removed by the licensee, to the places set apart for the purpose.

(3) No animal, the meat of which is intended to be sold shall be slaughtered in a slaughter house, unless it has been examined by the Sanitary Inspector or any other officer appointed for the purpose and the fit condition of the animal has been certified to.

4. The slaughter house shall be open to inspection by any member of the Committee or the officers of the department. No fee shall be charged for the license.

License form C—(as appended below)

B. BUTCHERS' SHOPS.

CONDITIONS.

1. All butchers' shops shall, unless specially exempted by the Committee, be within a licensed market.

2. The license holder shall put up in front of the place of business a signboard containing his name, the number of stall, and the number of the license.

3. There shall be a separate license for each place of storing or selling meat.

4. The meat offered for sale shall be that of animals slaughtered in a public or licensed slaughter-house

5. The meat offered for sale shall be in good condition and not unwholesome.

6. The license holder shall abide by the decision of the Sanitary Inspector or other officer appointed for the purpose with respect to the good condition of any meat offered for sale, and shall destroy any meat condemned by such officer.

7. The shop shall always be open for inspection by the President, members of the Committee, the Sanitary Inspector, or other officer appointed for the purpose, and the license holder shall produce his license when demanded.

8. No fee shall be charged for the license.

License form C—(as appended below)

Section 60.

Private Markets.

1. Private markets for the sale of fish, vegetables, or other articles may be constructed with the permission of the Committee, and on the plan approved of by them.

2. The stalls in each market shall be serially numbered.

3. The market shall be swept every day and the stalls be kept scrupulously clean.

4. No person suffering from any infectious disease shall be allowed to keep a stall in the market.

5. The stalls shall always be open to inspection by the members of the Committee, the Sanitary Inspector, or other officer specially appointed for the purpose.

6. One room in the market shall be set apart, if required, free of charge for the office of a member of the Sanitary Inspector's staff.

7. No fish, vegetable, or other article of food which is unfit for human consumption shall be kept anywhere in the market.

8. All such articles of food as have been condemned by any member of the Committee, the Sanitary Inspector, or other officer specially appointed for the purpose, shall at once be destroyed.

9. A license fee of 5 per cent. on the annual rental value of the stalls shall be charged on the license holder.

License form D—(as appended below)

For the Dewan,
A. J. VIEYRA,
Chief Secretary to Government.

A. Form of License granted under Section 33 of Regulation III of 1076.

1	2	3	4	5		6	7	8	9
Number.	Date of License	Name of Applicant.	Name and Situation of the Place intended to be occupied.	Dimensions.		Period for which the License is granted.	Signature of the License-holder.	Signature of the President.	Remarks.

B. Form of License granted under Section 53 of Regulation III of 1076.

1	2	3	4	5	6	7	8
Number.	Date of License.	Name of the Applicant	Name and Situation of the Place of Business.	Purpose for which the License is granted.	Signature of the License-holder.	Signature of the President.	Remarks.

C. Form of License granted under Section 55, Clause 2, of Regulation III of 1076.

1	2	3	4	5	6	7	8
Number.	Date of License.	Name of the Applicant.	Name and Situation of the Place of Business.	Purpose for which the License is granted.	Signature of the License-holder.	Signature of the President.	Remarks.

D. Form of License granted under Section 60 of Regulation III of 1076.

1	2	3	4	5	6	7	8
Number.	Date of License.	Name of the Applicant.	Name and Situation of the Place of Business.	Purpose for which the License is granted.	Signature of the License-holder.	Signature of the President.	Remarks.

വനംവക ചട്ടങ്ങൾ.

൧൯൦൪-ാം വർഷം ഫെബ്രുവരി മാസം ൨൪-ക്കു ശരിയായ ൧൦൭൯-ാമാണ്ടു കുംഭമാസം ൧൩-നു കല്പിച്ചനുവദിച്ചതു

൧൮൭൭-ാം വർഷം ഏപ്രിൽമാസം ൯-നു-യിലെ ഗവർമ്മെന്റു ഗസെററിൽ ൩൬൮ മുതൽ ൩൭൨ വരെ വശങ്ങളിലും, ൧൮൯൦-ാം വർഷം ജാനുവരിമാസം ൨൮-നു അനുവദിക്കപ്പെട്ട ആ വർഷം ഫെബ്രുവരിമാസം ൨൫-നു-യിലെ ഗസെററിൽ ൭൨-ാം വശത്തിലും ൧൮൯൨-ാം വർഷം ജാനുവരിമാസം ൨൧-നു അനുവദിക്കപ്പെട്ട ആ മാസം ൨൭-നു-യിലെ ഗസെററിൽ ൬൦-ാം വശത്തിലും പ്രസിദ്ധപ്പെടുത്തീട്ടുള്ള ചട്ടങ്ങളെ റദ്ദ് ചെയ്തു അവയുടെ സ്ഥാനത്തു, ഗവർമ്മെന്റിന്റെ അധീനത്തിൽ ഉള്ളതും എന്നാൽ ഒരു ഒഴിച്ചിടപ്പെട്ട വനത്തിൽ ഉൾപ്പെടാത്തതും ആയ ഭൂമികളിലുള്ള മെച്ചിൽ സ്ഥലത്തിന്റെയും സ്വയമെവ ഉണ്ടാകുന്ന വിളവുകളുടെയും ഉപയോഗത്തെ ക്രമപ്പെടുത്തുന്നതിന്നായി, ൧൦൬൮-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ വനംവക റെഗുലേഷൻ ൨൨-ാം വകുപ്പും ഇതിനു വഴിയെ പറഞ്ഞിരിക്കുന്ന മറ്റു വകുപ്പുകളും അനുസരിച്ചു, താഴെ എഴുതിയിരിക്കുന്ന ചട്ടങ്ങൾ, അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇവ നട്ടുണ്ടാവു വൃക്ഷങ്ങൾക്കും കളംവരമ്പുകൾക്കും മറ്റു ഡിപ്പാർട്ടുമെന്റുകളുടെ വരുതിയിൽ പ്രത്യേകമായി വിടപ്പെട്ടിട്ടുള്ള മറ്റു ഭൂമികൾക്കും സംബന്ധിക്കുന്നതല്ല. ഈ ചട്ടങ്ങൾ ൧൯൦൪ ഫെബ്രുവരി ൨൪-ക്കു ശരിയായ കുംഭമാസം ൧൩-നു മുതൽ നടപ്പിൽ വരുന്നതാകുന്നു.

൨൨-ാം വകുപ്പനുസരിച്ചുള്ള ചട്ടങ്ങൾ.

൧. ഗവർമ്മെന്റിന്റെ അധീനത്തിൽ ഉള്ളതും എന്നാൽ ഒരു ഒഴിച്ചിടപ്പെട്ട വനത്തിൽ ഉൾപ്പെടാത്തതും ആയ ഭൂമികളിലുള്ള മെച്ചിൽ സ്ഥലത്തിന്റെയും സ്വയമെവ ഉണ്ടാകുന്ന വിളവുകളുടെയും ഉപയോഗം, കുടികൾക്കും ജനസംഘങ്ങൾക്കും നിയമാനുസൃതമായി ഇപ്പോൾ സിദ്ധിച്ചിട്ടുള്ള എല്ലാ അവകാശങ്ങൾക്കും ഉൾപ്പെട്ടു, താഴെ എഴുതിയിരിക്കുന്ന ചട്ടങ്ങളാൽ ക്രമപ്പെടുത്തപ്പെടുന്നതാകുന്നു.

൨. ഈ ചട്ടങ്ങളുടെ വകക്കായി, ഗവർമ്മെന്റിന്റെ അധീനത്തിലുള്ള ഭൂമികളെ താഴെ പറയുംപോലെ ഇനം തിരിച്ചിരിക്കുന്നു.

(എ) തീറുകൊണ്ടോ പാട്ടത്താലൊ മറ്റു വിധത്തിലൊ ഏതു ഭൂമിയുടെ ഉടമസ്ഥത അല്ലെങ്കിൽ അനുഭവം ഗവർമ്മെന്റിനു സിദ്ധിച്ചിട്ടുണ്ടോ ആ ഭൂമികൾ.

(ബി) കരം പതിച്ചിട്ടുള്ളതും എന്നാൽ യാതൊരുത്തന്റെയും അനുഭവത്തിൽ ഇല്ലാത്തതും ആയ ഭൂമികൾ.

(സി) കരം പതിച്ചിട്ടില്ലാത്തതും യാതൊരുത്തന്റെയും അനുഭവത്തിലില്ലാത്തതും ആയ ഭൂമികൾ.

(ഡി) ഒരുത്തന്റെ അനുഭവത്തിലിരുന്നാലും കരം പതിച്ചിട്ടില്ലാത്ത ഭൂമികൾ.

൩. "ഒഴിച്ചിടപ്പെട്ട വനം" എന്നതിൽ റെഗുലേഷനിലെ ൪-ാം വകുപ്പനുസരിച്ചു പ്രസിദ്ധപ്പെടുത്തപ്പെടുന്ന എല്ലാ ഭൂമിയും ഉൾപ്പെടുന്നതാകുന്നു. ഒഴിച്ചിടപ്പെട്ട വനമായി പ്രത്യേകിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ലാത്ത ഗവർമ്മെന്റധീനത്തിലുള്ള ഭൂമികൾ ഒഴിച്ചിടപ്പെടാത്ത ഭൂമികളായി ഇരിക്കുന്നതാകുന്നു.

൪. യാതൊരു ഒഴിച്ചിടപ്പെട്ട ഭൂമിയെയും, കൃഷിക്കായൊ മറ്റു കാര്യത്തിനായൊ വെട്ടിതിരുത്തുകയൊ കിളക്കയൊ ചെയ്തുകൂടാത്തതാകുന്നു. ഹജൂർ അനുവാദത്തോടു കൂടിയല്ലാതെ യാതൊരു ഒഴിച്ചിടപ്പെട്ട വനത്തിന്നും പട്ടാ കൊടുത്തുകൂടാത്തതാകുന്നു.

൫. ഒഴിച്ചിടപ്പെടാത്ത ഭൂമികൾക്കു പട്ടാ കൊടുത്തു പതിച്ചു കൊടുക്കാം. എന്നാൽ അതിനെ കൊടുക്കുമ്പോൾ ഒരു ഫാറസ്റ്റുകൊൾ സ്ഥാനവലിപ്പം കുറയാത്ത ഒരു ഫാറസ്റ്റു ഉദ്യോഗസ്ഥൻ കണ്ടെഴുതി നിശ്ചയപ്പെടുത്തീട്ടുള്ളതായി അവയിൽ നിൽക്കുന്ന വല്ല വൃക്ഷങ്ങളുടെയൊ കാണുന്ന വല്ല തടിയുടെയൊ വില ഭൂമി കൈവശപ്പെടുത്തി കൊടുക്കപ്പെടുംമുമ്പെ കെട്ടപ്പെടേണ്ടതാകുന്നു അല്ലെങ്കിൽ ആ ഭൂമിയിൽ കാണപ്പെടുന്ന വൃക്ഷങ്ങളെയൊ തടിയെയൊ സർക്കാരിയം ഡിപ്പാർട്ടുമെന്റിൽ നിന്നു മാറ്റിച്ചുകൊള്ളുന്നതിനു ആ ഭൂമി പതിച്ചു കിട്ടപ്പെടുന്നാനു മനസ്സായിരുന്നാൽ റെഗുലേഷൻ ൩൨-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുംപോലെ അയാളുടെ അപേക്ഷയിന്മെൽ അപ്രകാരം ചെയ്യാവുന്നതാകുന്നു.

൬. വനത്തിലുള്ളതൊ, വനത്തിനു സമീപം ഉള്ളതൊ, തടികളും മരങ്ങളും നിൽക്കുന്നതൊ ആയ ഒഴിച്ചിടപ്പെടാത്ത ഭൂമികൾക്കായുള്ള എല്ലാ അപേക്ഷകളെയും അഭിപ്രായത്തിന്നായി വനം കൺസർവെറററക്കു അയച്ചുകൊടുക്കേണ്ടതും, അപേക്ഷിക്കപ്പെടുന്ന യാതൊരു ഭൂമിയെയും ആ ഉദ്യോഗസ്ഥന്റെ മറുപടി കിട്ടുന്നതിനു മുമ്പു ആർക്കും പതിച്ചു കൊടുത്തുകൂടാത്തതും ആകുന്നു. യാതൊരാളും അധികാരമുള്ള ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തുന്നതിനു മുമ്പെ, യാതൊരുത്തരും യാതൊരു സ്ഥലത്തെയും വെട്ടിത്തെളിക്കയൊ കൃഷി ചെയ്കയൊ ആകട്ടെ, ആ സ്ഥലത്തു വളരുന്ന ഏതു വൃക്ഷത്തെയും മുറിക്കയൊ കെടുവരുത്തുകയൊ ആകട്ടെ, അവിടെ കിടക്കുന്ന ഏതെങ്കിലും തടിയുടെ കാര്യത്തിൽ പ്രവെശിക്കയാകട്ടെ ചെയ്യുന്നതു ന്യായമായിരിക്കയില്ല. അങ്ങനെ ചെയ്യുന്ന ആൾ നിയമപ്രകാരമുള്ള ശിക്ഷക്കു ഉൾപ്പെടുന്നതുകൂടാതെ, ആ ഭൂമിയിൽ ഉണ്ടാക്കപ്പെടുന്ന വിളവിനെയും തടികളെയും ഗവർൺമെൻറിൽ ചെർക്കപ്പെടാവുന്നതുമാകുന്നു.

൭. ആണ്ടുതൊറും മകരം ൧൫-നു മുതൽ മെടം ഒടുവിലത്തെ തീയതി വരെയുള്ള കാലത്തു ഏതെങ്കിലും ഒഴിച്ചിടപ്പെട്ട ഭൂമിയിലാകട്ടെ, ഒരു ഒഴിച്ചിടപ്പെട്ട വനത്തിനൊ ഭൂമിക്കൊ സമീപത്തുള്ള വല്ല ഒഴിച്ചിടപ്പെടാത്ത ഭൂമിയിലാകട്ടെ, മനസ്സാലെയൊ ഉദാസീനതയാലൊ ഏതെങ്കിലും വൃക്ഷത്തിലൊ, തടിയിലൊ, പുല്ലിലൊ കാട്ടിലുള്ള മററു വിളവുകളിലൊ തീ വെയ്ക്കുകയാകട്ടെ, അല്ലെങ്കിൽ അവിടെ തീ പിടിപ്പിക്കയൊ തീ കത്തിച്ചു വെച്ചിരിക്കയൊ ആകട്ടെ ചെയ്യരുതാത്തതാകുന്നു.

൮. ഒഴിച്ചിടപ്പെട്ടതൊ, ഒഴിച്ചിടപ്പെടാത്തതൊ ആയ ഒരു ഭൂമിയിൽ തീ പിടിക്കുന്നതായാൽ തീ കെടുക്കുന്നതിൽ വനം വക ഡിപ്പാർട്ടുമെൻറുകാരെ സഹായിക്കുന്നതു അടുത്തുള്ള ഗ്രാമത്തിലെയൊ ഗ്രാമങ്ങളിലെയൊ നിവാസികളുടെ കടമയാകുന്നു. അപ്രകാരം ചെയ്യാതിരുന്നാൽ, ൧൦-ാം ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള ഭൊഗങ്ങളെ ഗവർൺമെൻറിൽ നിന്നു കുറെ കാലത്തെക്കൊ മുഴുവനുമൊ പിൻവലിക്കാവുന്നതാകുന്നു.

൯. വനം കൺസർവെററർ ദിവാന്റെ അനുവാദത്തൊടുകൂടി, ഏതെങ്കിലും ഒഴിച്ചിടപ്പെട്ടതൊ അല്ലാത്തതൊ ആയ വല്ല ഭൂമിയെയും വിറകിന്നൊ തീററി വകയ്ക്കൊ ആയുള്ള വളത്തുകാടായിട്ടൊ, കന്നുകാലികൾക്കു പുൽ മെയുന്നതിലെക്കുള്ള സ്ഥലമായിട്ടൊ, വെറെ വല്ല പ്രത്യെക കാര്യത്തിന്നായിട്ടൊ, തീയിൽ നിന്നു പ്രത്യെകം രക്ഷിക്ക പാത്രമാക്കുന്നതിന്നായി തിരഞ്ഞു വെയ്ക്കാവുന്നതാകുന്നു. ഈ പ്രദെശങ്ങളുടെ അതിരുകളെ ഗസെററിൽ പരസ്യപ്പെടുത്തിക്കഴിഞ്ഞാൽ ഗവർൺമെൻറു ഗസെററിൽ പരസ്യത്താൽ വനം വക കൺസർവെററർ നിശ്ചയിക്കാവുന്ന സ്ഥലങ്ങളിലൊ കരുതലുകൾക്കുംപ്പെട്ടൊ അല്ലാതെ, അവയ്ക്കകത്തു യാതൊരാളക്കും ഏതെങ്കിലും മരത്തിലൊ, തടിയിലൊ, പുല്ലിലൊ, മററു വനം വിളവിലൊ തീ വെക്കുകയൊ, തീ പിടിപ്പിക്കയൊ തീ കത്തിച്ചു വെയ്ക്കയൊ ചെയ്യാവുന്നതല്ല.

൧൦. ഏതെങ്കിലും ഗ്രാമത്തിനു സമീപമുള്ള എല്ലാ ഒഴിച്ചിടപ്പെടാത്ത ഭൂമികളിലും കുത്തകച്ചരക്കായ വൃക്ഷങ്ങളൊ, ഒഴിച്ചിടപ്പെട്ട വൃക്ഷങ്ങളൊ, അല്ലാത്ത വൃക്ഷങ്ങളെ മുറിക്കുകയും, അങ്ങിനെയുള്ള വൃക്ഷങ്ങളും അല്ലാത്ത വൃക്ഷങ്ങളുടെയും ചെടികളുടെയും ഉണങ്ങിയ തടികളും മുള്ളുകളും ഇലകളും ആ ഗ്രാമത്തിലെയൊ അയൽവക്കത്തുള്ള ഗ്രാമങ്ങളിലെയൊ നിവാസികൾക്കു കൃഷി സംബന്ധമായൊ ഗൃഹ സംബന്ധമായൊ ഉള്ള കാര്യങ്ങൾക്കായി ആവശ്യപ്പെട്ടവയാണെങ്കിൽ ആ വക വൃക്ഷങ്ങളെയും തടികളെയും മുള്ളുകളെയും മററും പിരിവുകൂടാതെ മുറിക്കയും ശെഖരിക്കയും ചെയ്യാവുന്നതാകുന്നു.

൧൧. യാതൊരുത്തനും ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ടല്ലാതെ, ൯-ാം വകുപ്പിലും ൧൭-ാം വകുപ്പിലും നിശ്ചയിച്ചിട്ടുള്ള വ്യത്യസ്തങ്ങൾക്കുൾപ്പെട്ടു, ഒഴിച്ചിടപ്പെട്ടതൊ ഒഴിച്ചിടപ്പെടാത്തതൊ ആയ വല്ല ഭൂമിയിലും, വളരുന്ന വല്ല വൃക്ഷത്തെയും മുറിച്ചു തള്ളുകയൊ അതിൽ വല്ലതും ചുററിക്കെട്ടുകയൊ, അടയാളമിടുകയൊ, കൊമ്പു മുറിക്കയൊ, തല മുറിക്കയൊ, മൊട്ട് പറിക്കയൊ, തീയിട്ടു എരിക്കയൊ, അതിൽ നിന്നു പട്ടയൊ ഇലയൊ പറിച്ചുകളകയൊ അല്ലെങ്കിൽ മററു വിധത്തിൽ നഷ്ടപ്പെടുത്തുകയൊ ആ വിധ വൃക്ഷങ്ങളുടെ വകയായൊ ആ വിധ ഭൂമിയിലൊ ഉള്ള തടിയെ അവിടെ നിന്നു മാററിക്കൊണ്ടുപൊകയൊ സ്വയമെ ഉള്ള വിളവിനെ ശെഖരിക്കയൊ ചെയ്യരുതാത്തതാകുന്നു.

൧൨. ഒഴിച്ചിടപ്പെട്ടതും ഒഴിച്ചിടപ്പെടാത്തതും ആയ ഭൂമികളിൽ ഉള്ള എല്ലാ വൃക്ഷങ്ങളും, പുല്ലും സ്വയമെ ഉള്ള വിളവുകളും വനം ഡിപ്പാർട്ടുമെൻറിലെക്കു ചെന്നവയാകുന്നു. വൃക്ഷങ്ങളെയും തടികളെയും മുറിക്കയൊ, ഉരുപ്പടിയാക്കയൊ, മാററിക്കൊണ്ടുപൊകയൊ

ചെയ്യുന്നതും, അങ്ങിനെയുള്ള ഭൂമികളിൽ സ്വയമെ ഉണ്ടാകുന്ന മററു വിളവുകളെ ശെഖരിക്കയൊ മാററുകയൊ ചെയ്യുന്നതും, താഴെ പറയുന്ന ഏതെങ്കിലും മാർഗ്ഗത്തിൽ ആകാവുന്നതാകുന്നു.

(എ) ഡിപ്പാർട്ടുമെന്റു മുഖാന്തരം അതാവിതു, വിളവുകളുടെ ഉടമസ്ഥനുള്ള വനം സംബന്ധം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരാലൊ, അല്ലെങ്കിൽ അവരുടെ അദ്ധ്യക്ഷമെൽ വിചാരമൊ, ഭരണമൊ, ഉത്തരവൊ അനുസരിച്ചു പ്രവർത്തിക്കുന്ന ആളുകളാലൊ;

(ബി) ഫോറസ്റ്റാഫീസരൊ മററു അധികൃതനായ ആളൊ കൊടുത്തിട്ടുള്ള രഹദാരികൾ കൈവശമുള്ള ആളുകളാൽ;

(സി) സംബന്ധം കാൺസർവെറററാലൊ കാൺസർവെറററാൽ ക്രമപ്രകാരം അധികൃതനായ വല്ല ഉദ്യോഗസ്ഥനാലൊ കൊടുക്കപ്പെട്ടിട്ടുള്ള പാട്ടമൊ കുത്തകയൊ അനുസരിച്ചുള്ള അവകാശം അനുഭവിക്കുന്ന ആളുകളാൽ.

൧൩. സംബന്ധം കാൺസർവെറററുടെയൊ കൺസർവെറററാൽ അധികൃതനായ മററു ഉദ്യോഗസ്ഥന്റെയൊ രെഖാമൂലമായ അനുമതി കൂടാതെയും, വല്ല ഫീസും നിശ്ചയിക്കാവുന്നതു കൊടുക്കാതെയും ഏതെങ്കിലും ഒഴിച്ചിടപ്പെട്ട സ്ഥലത്തു കല്ലുകൾ, ചുണ്ണാമ്പു, ചരൽ, മണ്ണു ഇവയിലെതെങ്കിലും മുതലായതു കുഴിച്ചെടുക്കയൊ ശെഖരിക്കയൊ ചെയ്യാവുന്നതല്ല. പ്രത്യെകമായി വിരൊധിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലൊഴികെ, ഒഴിച്ചിടപ്പെടാത്ത ഭൂമികളിൽ കല്ലും മെൽ പറഞ്ഞ മററു സാധനങ്ങളും കുഴിച്ചെടുക്കയും ശെഖരിക്കയും ചെയ്യുന്നതു അനുവദിക്കപ്പെട്ടിരിക്കുന്നു.

൧൪. സംബന്ധം കാൺസർവെറററുടെയൊ അയാളാൽ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട മററു ഉദ്യോഗസ്ഥനാലൊ ഈ വകയ്ക്കായി പ്രത്യെകം തിരിച്ചുവെക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ ഒഴികെ, യാതൊരുത്തനും ഒഴിച്ചിടപ്പെട്ടതൊ ഒഴിച്ചിടപ്പെടാത്തതൊ ആയ യാതൊരു ഭൂമിയിലും കാത്തു കാച്ചുകയൊ എസ്സെൻഷ്യൽ ആയിൽ വാററിയെടുക്കയൊ ചുണ്ണാമ്പൊ കരിയൊ ചുട്ടുണ്ടാക്കയൊ ചെയ്യുന്നതല്ലാത്തതാകുന്നു.

൧൫. സംബന്ധം കാൺസർവെറററാൽ അനുമതി കൊടുക്കാൻ അധികൃതനായ ഒരു ഉദ്യോഗസ്ഥന്റെ അനുമതിയൊടുകൂടിയും അയാളാൽ നടപ്പാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചും അല്ലാതെ, യാതൊരു ഒഴിച്ചിടപ്പെട്ട ഭൂമിയിലും യാതൊരുത്തനും പുല്ലു ചെത്തുകയൊ കന്നുകാലി മെയ്ക്കുകയൊ ചെയ്യരുതു. ഏതെങ്കിലും ഗ്രാമത്തിനു സമീപമുള്ള എല്ലാ ഒഴിച്ചിടപ്പെടാത്ത ഭൂമികളിലും ഫീസു കൂടാതെ ആ ഗ്രാമത്തിലൊ അയൽ ഗ്രാമങ്ങളിലൊ ഉള്ളവർക്കു പുല്ലു ചെത്തുകയൊ കന്നുകാലികൾ മെയ്ക്കയൊ ചെയ്യാവുന്നതാകുന്നു. തക്കമുള്ള സംഗതികളിൽ, ഈ ചട്ടങ്ങളിൻപ്രകാരം അയൽ ഗ്രാമങ്ങൾ ഏതെല്ലാമാണെന്നു ദിവാൻപെഷ്കാർ നിശ്ചയിക്കുന്നതാകുന്നു.

൧൬. ഗവർമ്മെന്റിന്റെ അധീനതയിലുള്ള സ്ഥലത്തു മെച്ചിലിനായി മറുനാട്ടു കന്നുകാലികളെ കൊണ്ടുവരുന്ന എല്ലാ ആളുകളും ഗവർമ്മെന്റിൽനിന്നു നിശ്ചയിക്കുന്ന ഫീസു കൊടുക്കെണ്ടതും അതിൽ പിന്നെ ഒടുക്കിയ ഫീസിന്റെ തുകയും മെയാവുന്ന സ്ഥലത്തിന്റെ അതിർത്തികളും ഇത്ര എണ്ണം കന്നുകാലികളെ ആ മെച്ചിൽസ്ഥലത്തു മെയ്പ്പാൻ അനുവദിച്ചിരിക്കുന്നു എന്നുള്ള വിവരവും കാണിച്ചു ഒരു ലൈസൻസു അവർക്കു കൊടുക്കപ്പെടുന്നതും ആകുന്നു. അങ്ങിനെ ലൈസൻസു കിട്ടുന്നതിനു മുമ്പു കന്നുകാലികളെ മെയ്പ്പാനതിനു അനുവദിക്കുന്നതു ന്യായമായിരിക്കയില്ല.

൧൭ ഫീസു ഒടുക്കാത്തവയൊ, ലൈസൻസിൽ പറഞ്ഞിരിക്കുന്ന അതിർത്തികൾക്കു വെളിയിൽ മെയുന്നതായി കാണുന്നവയൊ, ആയ എല്ലാ കന്നുകാലികളെയും വല്ല വനം ഉദ്യോഗസ്ഥനൊ ൧൦൫൯-ാമാണ്ടത്തെ ൨-ാം റെഗുലെഷൻപ്രകാരം വല്ല പൊലീസു ഉദ്യോഗസ്ഥനൊ പിടിച്ചു പൌണ്ടിൽ ആക്കാവുന്നതാകുന്നു. അപ്രകാരം പിടിച്ചു പൌണ്ടിലാക്കുന്നതു ൧൩-ം, ൧൫-ം വകുപ്പുകളെ ലംഘിച്ചതിലെക്കു കാരണക്കാരനെ പ്രാസിക്യൂട്ടുചെയ്യുന്നതിനെ തടസ്ഥപ്പെടുത്തുകയില്ല.

൧൮. തീററിസാധനത്തിനായും വിറകിനായും പ്രത്യെകം തിരിച്ചുവെക്കപ്പെട്ടിരിക്കുന്ന ഭൂമികളിലും തീ കത്താതെയിരിക്കുന്നതിനു പ്രത്യെകം കാവലുള്ള പ്രദെശങ്ങളിലും ഒഴിച്ചിടപ്പെട്ട ഭൂമികളിലും യാതൊരുത്തനും സംബന്ധം കാൺസർവെറററുടെയൊ അയാളാൽ അനുവാദം കൊടുക്കുന്നതിനു അധികൃതനായ മററു ഉദ്യോഗസ്ഥന്റെയൊ രെഖാമൂലമായ അനുവാദം കൂടാതെ, വെട്ടയാടുകയൊ വെടിവെക്കയൊ മീൻ പിടിക്കയൊ വെടിമരുന്നു കൾ കൊണ്ടുപൊകയൊ ...

ആയി കല്പിക്കപ്പെട്ട വെട്ടുകയോ ചെയ്യുന്നതാകുന്നു. ഓരോ ആണ്ടിലും മകരം ൧-ം തീയതി മുതൽ അവസാനത്തെ ദിവസത്തിനും ഇടയ്ക്കു, ഒഴിച്ചിടപ്പെട്ട വനത്തിനോടു പ്രദേശത്തിനോടു ചേർന്നുള്ള ഒഴിച്ചിടപ്പെടാത്ത പ്രദേശങ്ങളിൽ വെട്ടു ചെയ്യുകയോ വെടിവെക്കുകയോ ചെയ്യുന്നതു ന്യായമായിരിക്കയില്ല. ഒഴിച്ചിടപ്പെട്ടതോ ഒഴിച്ചിടപ്പെടാത്തതോ ആയ എല്ലാ പ്രദേശങ്ങളിലും വെള്ളത്തിൽ വിഷമോ, ഡൈനാമൈറ്റോ മറ്റു വെടിപൊട്ടുന്ന സാധനമോ ഇടുന്നതു, ഉപയോഗിക്കുന്നതു ഖണ്ഡിതമായി നിരോധിച്ചിരിക്കുന്നു.

൧൬. ൭, ൮, ൯, ൧൦, ൧൧, ൧൨, ൧൩, ൧൪, ൧൫, ൧൬ ഈ വകുപ്പുകളെ ഏതുവിധവും ലംഘിക്കുന്ന ആളുകൾ വനം റെഗുലേഷൻ ൨൨-ം വകുപ്പിൻപ്രകാരമുള്ള ശിക്ഷക്കു പാത്രമായിരിക്കുന്നതാകുന്നു.

൧൭, ൧൮, ൧൯ ഈ വകുപ്പുകളും ൩൦-ം വകുപ്പ് (ഡി) ഖണ്ഡം അനുസരിച്ചുള്ള ചട്ടങ്ങൾ.

൧. താഴെ പേർ എഴുതിയിരിക്കുന്ന വൃക്ഷങ്ങൾ കുത്തകച്ചരക്കായ വൃക്ഷങ്ങളും ഒഴിച്ചിടപ്പെട്ട വൃക്ഷങ്ങളും ആകുന്നു.

കുത്തക വൃക്ഷങ്ങൾ:—

തേക്ക
ഈട്ടി അല്ലെങ്കിൽ തോതകട്ടി
കരുങ്ങാലി അല്ലെങ്കിൽ കരുന്താളി
ചന്ദനം

ഒഴിച്ചിടപ്പെട്ട വൃക്ഷങ്ങൾ:—

ആഞ്ഞിലി അല്ലെങ്കിൽ അയണി
പ്ലാവ്
ചമ്പകം അല്ലെങ്കിൽ കൊങ്ങ
വേങ്ങ
൫. എടക്കൊരണ്ണ അല്ലെങ്കിൽ പാതിരി
തേമ്പാവു അല്ലെങ്കിൽ കരിമരുത
അകിൽ
ഇരുൾ അല്ലെങ്കിൽ കട
വെന്തേക്ക അല്ലെങ്കിൽ വെണ്ടേക്ക
൧൦. പുന്ന
ചെറുപുന്ന
മലഗിരിവേമ്പു അല്ലെങ്കിൽ തേവതാരം
കരിന്തകര അല്ലെങ്കിൽ വെൾവാക
വാക
൧൫. കരിവാക
മയില
മഞ്ഞക്കടമ്പു
മണിമരുത
പൂവൺ
൨൦. മുള്ളുവേങ്ങ
മരുതു
ഉന്നം അല്ലെങ്കിൽ ചെറിച്ചു
വെകളി അല്ലെങ്കിൽ മരുകാഞ്ഞിരം
വെപ്പൊട്ട
൨൧. കടമ്പ

൨. വല്ല കുടിയാനവന്റെയും ഭൂമിയിൽ വളരുന്നതൊ കാണപ്പെടുന്നതൊ ആയ കുത്തക വൃക്ഷങ്ങളെയും കൃഷിക്കായൊ മററു കാൎയ്യത്തിനായൊ സ്ഥിരമായി കൊടുക്കപ്പെട്ടിട്ടുള്ള ഭൂമിയിൽ കാണപ്പെടുകയൊ വളരുകയൊ ചെയ്യുന്നതും എന്നാൽ അവയിൽ ഗവൎമ്മെണ്ടിലെ ക്കുള്ള അവകാശം വിട്ടുകൊടുത്തിട്ടില്ലെന്നു കരണത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതും ആയ വല്ല വൃക്ഷങ്ങളെയും, സബ്‌ഡിവിഷൻ കൺസർവെറററൊ അയാളാൽ അധികൃതനായ ഉദ്യോഗസ്ഥനൊ ഗവൎമ്മെന്റധീനത്തിൽ ഉള്ള ഭൂമിയിൽ കാണപ്പെടുന്ന വൃക്ഷങ്ങളുടെ വിഷയത്തിൽ താൻ അധികൃതനായിരിക്കുന്ന മാതിരിയിൽ ഈ ചട്ടങ്ങൾ അനുസരിച്ചു ഭൊമ്പ കുറിപ്പിക്കയൊ, മാററി കൊണ്ടു പൊയിക്കയൊ ചെയ്യാവുന്നതും ഈ വിധ കാൎയ്യത്തിന്നായി വസ്തു ഉടമസ്ഥന്റെയൊ കൈവശക്കാരന്റെയൊ തടസ്ഥത്തെ ഗണിക്കാതെ തന്നെ ആ വസ്തുവിൽ പ്രവെശിക്കാവുന്നതും ആകുന്നു.

എന്നാൽ ഈ റെഗുലെഷൻ ൩൫-ാംവകുപ്പനുസരിച്ചു കുത്തക വൃക്ഷം വളരുന്നതായ ഭൂമിയുടെ ഉടമസ്ഥനായ കുടിയാനവൻ എത്രയും അടുത്ത ഗവൎമ്മെന്റു ഡിപ്പൊവിൽ ആ ഇനത്തിലുള്ള തടികൾ എന്തു താരിഫു വിലക്കു വിൽക്കണമെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നുവൊ ആ വിലയിൽ മുക്കാൽ ഭാഗം വിലയായി ഒടുക്കിയാൽ അയാളുടെ സ്വന്ത ഉപയൊഗത്തിനായി വെട്ടിച്ച കൊള്ളാവുന്നതാകുന്നു ആ വിധത്തിൽ ഉള്ള വൃക്ഷത്തിൽ വല്ലതും ആ ഭൂമിയിൽ നിന്നു ഗവൎമ്മെന്റു വകക്കായി മാററി കൊണ്ടു പൊകപ്പെടുമ്പൊൾ അതിനെ വിററു ഉണ്ടാകുന്ന ലാഭത്തിൽ (ചിലവു നീക്കിയുള്ളത) നാലിലൊരു പങ്കിനു ഉടമസ്ഥന്നു അവകാശമുള്ളതാകുന്നു.

൩. ഈ ചട്ടം ൨-ാംവകുപ്പിൽ വിവരിച്ചിരിക്കുന്നതുപൊലെ ഗവൎമ്മെന്റധീനത്തിലുള്ള ഭൂമിയിലൊ കുടിവക ഭൂമിയിലൊ വളരുന്നതായാലും കുത്തകച്ചരക്കൊ മററു വിധത്തിലൊ ഉള്ള വല്ല വൃക്ഷത്തിന്റെയും കൊമ്പു മുറിക്കയൊ വെട്ടുകയൊ വല്ല ഭാഗവും കുഴയാക്കുകയൊ മററു വിധത്തിൽ അതിനു ഊനം വരുത്തുകയൊ ചെയ്യുന്നതു ഖണ്ഡിതമായി വിരൊധിക്കപ്പെട്ടിരിക്കുന്നു.

൪. തടിയാകട്ടെ, വനം വിളവാകട്ടെ, താഴെ പറയുന്ന വഴികളിൽ കൂടിയും ഈ ചട്ടം ൫-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പാസ്സൊടു കൂടിയും അല്ലാതെ തിരുവിതാംകൊട്ടു ഇറക്കുമതി ചെയ്കയൊ അവിടെ നിന്നു കയറ്റുമതി ചെയ്കയൊ ചെയ്യുന്നതു ന്യായമായിരിക്കയില്ല.

(൧) മുനമ്പം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, കുളച്ചൽ ഈ തുറമുഖങ്ങൾ.

(൨) വല്ലം, വരാപ്പുഴ അത്രക്കാറി ഈ സ്ഥലങ്ങൾ (ജലമാൎഗ്ഗം)

(൩) അങ്കമാലി, ആരുവാമൊഴി, കുന്നപ്പിള്ളമട്ടു, ചെങ്കൊട്ടു, മെക്കര, കുമിളി, രാമക്കൽ, ചിററാർ (കൊയമ്പത്തൂർ അതിൎത്തിയിൽ) കരവഴിക്കു.

ഈ വകുപ്പിലും ഇതിനു താഴെ എഴുതിയിരിക്കുന്ന വകുപ്പുകളിലും തടി എന്നതിൽ ഇൻഡ്യയിൽ വളരാത്ത തടികളും കതകുകളായും ജനയിലുകളായും അകസാമാനങ്ങളായും പെട്ടികളൊ ചിപ്പങ്ങളൊ ആയും ഉരുപ്പടിയാക്കപ്പെട്ട തടിയും ൨൨-ാംവകുപ്പനുസരിച്ചു ഉണ്ടാക്കീട്ടുള്ള ചട്ടങ്ങൾ ൧൦-ാംവകുപ്പനുസരിച്ചു കൊടുക്കപ്പെട്ടിട്ടുള്ള അനുമതിയനുസരിച്ചു മാററി കൊണ്ടു പൊകുന്ന തടിയും ഒരു കൊൽ നീളത്തിലും കാൽ കൊൽ വണ്ണത്തിലും കവിയാത്ത വിറകിനു ഉപയൊഗമുള്ള ചെറിയ തടിയും ഒഴിച്ചു ൧൦൬൯-ാമാണ്ടത്തെ ൨-ാം റെഗുലെഷൻ ആയ വനം റെഗുലെഷനിൽ വിവരിച്ചിരിക്കുന്ന എല്ലാ ഇനത്തിലും ഉള്ള തടിയും ഉൾപ്പെടുന്നതാകുന്നു.

൫. തടിയും, വനം വിളവും ൪-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരം പാസ്സൊടായിരിക്കയും, തടിയായിരുന്നാൽ ഒരു ഗവൎമ്മെന്റു മുദ്രയൊ ഈ ചട്ടം ൧൧-ാംവകുപ്പിൽ നിശ്ചയിച്ചിട്ടുള്ളതുപൊലുള്ള രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു മുദ്രയൊ അടിക്കപ്പെടുകയും ചെയ്യാത്ത പക്ഷം കരവഴിയായൊ ജലമാൎഗ്ഗമായൊ കൊണ്ടുപൊകുന്നതു ന്യായമായിരിക്കയില്ല.

എന്നാൽ പെർമിററുകാരും വനം ഡിപ്പാൎട്ടുമെന്റിലെ കുത്തകക്കാരും ശെഖരിക്കുന്ന തടികൾ വനം ഡിപ്പാൎട്ടുമെന്റുകാർ നിശ്ചയിക്കുന്ന സ്ഥലങ്ങളിലെക്കു പരിശൊധിച്ചു മുദ്ര വെക്കുന്നതിനായി പാസ് കൂടാതെ കൊണ്ടു പൊകാവുന്നതാകുന്നു.

൬. വനം ഡിപ്പാൎട്ടുമെന്റിലെയൊ ഏലം ഡിപ്പാൎട്ടുമെന്റിലെയൊ ഉദ്യൊഗസ്ഥന്മാർ തടിയൊ മററു വനം വിളവുകളൊ തിരുവിതാംകൊട്ടിനു വെളിയിൽ കയററുമതി ചെയ്യുന്നതിനാകട്ടെ സംസ്ഥാനത്തിനകത്തു കടത്തി കൊണ്ടുപൊകുന്നതിലെക്കാകട്ടെ കൊടുക്കുന്ന എല്ലാ പാസ്സുകളും ൧-ാംനമ്പർ ഫാറത്തിലായിരിക്കെണ്ടതും അച്ചടിക്കപ്പെട്ടിരിക്കെണ്ടതും ആകുന്നു.

വെളിയിൽനിന്നു ഇറക്കുമതി ചെയ്യപ്പെടുന്ന തടികളുടെയും വനം വിളവിന്റെയും കാൎയ്യത്തിലും തങ്ങളുടെ മുതലടയാളത്തെ രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടക്കാരും മററു ആളുകളും ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തിലെക്കയക്കുന്ന തടികളുടെ വിഷയത്തിലും പാസ്

[illegible] ഫാറത്തിലായിരിക്കേണ്ടതാകുന്നു. ൧൦ം പാസ്സ് ഇറക്കുമതി ചെയ്യപ്പെടുന്ന സാധന [illegible] ആവശ്യത്തിൽ [illegible] ആയിരിക്കാവുന്നതും [illegible] വനം ഡിപ്പാ ർട്ടുമെന്റിൽ നിന്നു കിട്ടാവുന്നതും [illegible] ഫാറങ്ങളിൽ ആയിരിക്കേണ്ടതും ആകുന്നു. [illegible] ഇംഗ്ലീഷിലോ മലയാളത്തിലോ തമിഴിലോ ആയിരിക്കേണ്ടതാകുന്നു.

[illegible] നമ്പർ ഫാറത്തിലുള്ള പാസ്സുകൾ മൂന്നു പ്രതികൾ ഉള്ളവയായിരിക്കേണ്ടതും [illegible] കള്ളികളിൽ എഴുതേണ്ടതെല്ലാം [illegible] അധികൃതനായ ഒരു ഉദ്യോഗസ്ഥൻ [illegible] ഓരോ പ്രതിയിലും ഒപ്പിട്ടു തീയതി വെയ്ക്കേണ്ടതും [illegible] ഡിവിഷനിലെയോ [illegible] ൽ പ്രകാരം [illegible] ഉദ്യോഗസ്ഥന് ഇരട്ടിപ്പു പ്രതി അയയ്ക്കേണ്ടതും പുസ്തകത്തോടു ചേർന്നിരിക്കുന്ന മൂന്നാം പ്രതി [illegible] ആഫീസിൽ റിക്കാർട്ടായി വെച്ചു കൊള്ളേണ്ടതുമാകുന്നു.

കയറ്റുമതിക്കുള്ള പാസ്സുകളിൽ വലിയക്ഷരത്തിൽ "കയറ്റുമതി" എന്നു എഴുതിയിരിക്കും. അവയെ ഡിവിഷനൽ ഫാറസ്റ്റാഫീസരോ [illegible] കൺസർവേറ്റരോ പാസ്സു കൊടുക്കാൻ [illegible] ഉദ്യോഗസ്ഥന്മാരോ ഏലമല സൂപ്രണ്ടോ [illegible] അതിൽ വിവരിച്ചിരിക്കുന്ന [illegible] വിധത്തിൽ സമ്പാദിക്കപ്പെട്ടതാണെന്നുള്ള തെളിവു ഹാജരാക്കുമ്പോൾ കൊടുക്കുന്നതാകുന്നു.

ഗവർമ്മെന്റു ഭൂമിയിൽ നിന്നു ലഭിച്ചതോ ഗവർമ്മെന്റു ഡിപ്പോവിലോ മറ്റു സ്ഥലത്തോ നിന്നു വിറ്റതോ ആയ ഗവർമ്മെന്റു തടികൾക്കു വേണ്ട പാസ്സു റേഞ്ചാഫീസരോ ഡിപ്പോ ആഫീസരോ ഇതിലേക്കായി വനം വകു കൺസർവേറ്ററോ ഏലമല സൂപ്രണ്ടോ [illegible] ഇതിലേക്കായി അധികാരപ്പെടുത്തുന്ന വല്ല ഉദ്യോഗസ്ഥനോ കൊടുക്കുന്നതാകുന്നു.

ഒരു പാസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ തടികളെയും ഏകകാലത്തു കടത്തിക്കൊണ്ടു പോകുന്നതിനു കണ്ട്രാക്ടർമാർക്കു പ്രയാസം ഉണ്ടായിരിക്കുമ്പോൾ ൩ം നമ്പർ ഫാറത്തിൽ "വണ്ടിക്കാരുടെ പാസ് ബുക്കുകൾ" എന്നു വിളിക്കുന്നതും "പാസ് ബുക്കു" ഓരോന്നിലും ലക്കം എഴുതി ഡിവിഷനൽ ആപ്പീസർ അങ്ങിനെയുള്ള കണ്ട്രാക്ടർമാർക്കു കൊടുക്കാവുന്നതും ഓരോ വണ്ടി പ്രകാരം തടികൾക്കോ ഓരോ കൂട്ടം തടികൾക്കോ ൩ം പാസുകളിൽ ഒന്നു വീതം കൊടുക്കുന്നതിനു കണ്ട്രാക്ടരെയോ അയാളുടെയോ ഏജന്റിനെയോ അതേ കാലത്തു തന്നെ അധികാരപ്പെടുത്തുന്നതും ആകുന്നു. പാസിൽ എല്ലാ കള്ളികളിലും എഴുതേണ്ടതെല്ലാം കണ്ട്രാക്ടരോ അയാളുടെ ഏജന്റോ എഴുതേണ്ടതും അവരിൽ ഒരാൾ അതിൽ തീയതി വെച്ചു ഒപ്പിടേണ്ടതും ആകുന്നു. ഏതു ഗവർമ്മെന്റു പാസനുസരിച്ചു ൩ം പാസു കൊടുത്തിരിക്കുന്നുവോ ആ ഗവർമ്മെന്റു പാസിലെ നമ്പരും തീയതിയും ൩ം ഓരോ പാസിലും എഴുതിയിരിക്കേണ്ടതാകുന്നു. ഡിപ്പോവിൽ തടി വന്നു ചേർന്നാൽ ഡിപ്പോ ആപ്പീസർ ൩ം പാസിനെ തിരിയെ വാങ്ങി [illegible] വിവരങ്ങൾ എഴുതണം. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നു കൊടുത്ത പാസിന്റെ സ്ഥാനത്തു ൩ം പാസുകൾ വരുന്നതും ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നു കൊടുത്ത പാസിനെ ഒടുവിലത്തെ പാസിനോടൊന്നിച്ചു അയക്കേണ്ടതും ആകുന്നു.

കുടികളുടെ ഭൂമിയിൽ വളരുന്ന കുടികളുടെ [illegible] വകയായ തടികൾക്കുള്ള പാസുകളിൽ "കുടിവക" എന്നു എഴുതിയിരിക്കുന്നതും അപേക്ഷ ഹർജിയിൽ വിവരിച്ചിരിക്കുന്ന സ്ഥലത്തു നിന്നു കിട്ടിയതാണെന്നു തെളിവു ഹാജരാക്കുമ്പോൾ ഫാറസ്റ്റ് ഡിവിഷനൽ ആപ്പീസർ ൩ം പാസു കൊടുക്കുന്നതും ആകുന്നു.

വ [illegible] ൦ാം നമ്പർ ഫാറത്തിലുള്ള പാസുകൾ ഇരട്ടിപ്പായിരിക്കണം; അതിലുള്ള കള്ളികളിൽ വിവരങ്ങൾ പൂരിപ്പിച്ചു ഗവർമ്മെന്റു ആപ്പീസരോ, ഉടമസ്ഥനോ, അയാളുടെ അധികാരപ്പെടുത്തപ്പെട്ട ഏജന്റോ എഴുതിയിരിക്കണം. അസലിനെ തടി കൊണ്ടുപോകുന്നതിനു അധികാരപ്പെടുത്തപ്പെട്ട ആൾക്കു കൊടുക്കുകയും കൊടുത്ത തീയതി മുതൽ [illegible] പക്ഷം [illegible] മാസത്തേക്കു ഇരട്ടിപ്പിനെ കൗണ്ടർഫായിലായി സൂക്ഷിച്ചുവെക്കയും, ആ കാലത്തിനകത്തു ഏതു സമയത്തും ഫാറസ്റ്റിനെക്കാൾ സ്ഥാനവലിപ്പം കുറയാത്ത ഏതെങ്കിലും സാമ്പായം ഉദ്യോഗസ്ഥൻ ചോദിച്ചാൽ അതിനെ പരിശോധനയ്ക്കു കാണിക്കുകയും ചെയ്യേണ്ടതാകുന്നു,

ഈ വകുപ്പോ ഇതിനു അടുത്തു മുമ്പുള്ള വകുപ്പോ അനുസരിച്ചു കൊടുക്കപ്പെടുന്ന പാസ്സുകളിൽ എല്ലാ കള്ളികളിലും വിവരങ്ങൾ എഴുതിയിരിക്കയും, പാസ്സുകളിൽ ക്രമപ്രകാരം ഒപ്പും തീയതിയും വച്ചിരിക്കയും ചെയ്യാലല്ലാതെ, അവ സാധുവായിരിക്കുന്നതല്ല.

൯. മേൽപ്പറയപ്പെട്ട വകുപ്പുകളിൽ പ്രസ്താവിച്ചിട്ടുള്ള പാസ്സുകൾ, ഏതു തടിക്കോ വനം വിഭവത്തിനോ ആയി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അവയോടുകൂടി എല്ലാ സംഗതിയിലും ഉണ്ടായിരിക്കേണ്ടതും, അവയെ ഇറക്കുമതിയോ കയററുമതിയോ ചെയ്യുമ്പോൾ അതിർത്തി

സ്റ്റേഷനുകളിലും കൊണ്ടുപോകുന്ന വഴിയിൽ ഉള്ള ഓരോ സംബന്ധം വരുന്ന സ്റ്റേഷനിലും കാണിക്കേണ്ടതും ആകുന്നു. വനം, പോലീസ്, റെവന്യൂ ഈ വകുപ്പുകളിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ചോദിക്കുമ്പോഴും അവയെ കാണിക്കേണ്ടതാകുന്നു.

എന്നാൽ ഏതെങ്കിലും തടിയെയൊ, മററു വിഭവത്തെയൊ പരിശോധിക്കാതെ കൊണ്ടുപോകയൊ, കാവൽ സ്റ്റേഷനിൽ സാധനങ്ങളെ കൊണ്ടുവരുന്നതിനെ ഒഴിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, ഒരു കാവൽ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടിട്ടുള്ള വല്ല റോട്ടിൽ നിന്നൊ ആറിൽ നിന്നൊ അതിനെ കടത്തുകയൊ ചെയ്യുന്നതു ന്യായമായിരിക്കയില്ല. തടിയൊ, മററു വിഭവമൊ, പാസ്സിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ ഉണ്ടായിരിക്കരുത്. അതിൽ കുറവായിരുന്നാൽ കുറവുള്ള ഭാഗത്തെ കൊണ്ടുപോകുന്ന വകയ്ക്കായി ആ പാസ്സിനെ വീണ്ടും ഉപയോഗിക്കാവുന്നതല്ല.

൨൦. പാസ്സിൽ പറയപ്പെടുന്ന സാധനങ്ങളെ പാസ്സിനോടുകൂടി ഒത്തുനോക്കി ശരിയാണെന്നു കണ്ടതിൽപിന്നെ പാസ്സിൽ "ഒത്തുനോക്കി വിട്ടിരിക്കുന്നു" എന്ന വാക്കുകൾ എഴുതേണ്ടതും, അതിനെ പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ അതിൽ തീയതിവെച്ചു ഒപ്പിടേണ്ടതും ആകുന്നു. തടിയൊ മററു സാധനമൊ എത്താറുള്ള സ്ഥലത്തു എത്തുന്നതുവരെയ്ക്കും ഉള്ള വഴിയിൽ അതിനെ പിന്നീടും ഉപയോഗിക്കുന്നതിലേക്കായി പാസ്സിനെ അതിനെ കാണിച്ച ആൾക്കു തിരികെ കൊടുക്കേണ്ടതാകുന്നു.

൨൧. ഇറക്കുമതി ചെയ്യപ്പെടുന്ന തടികൾ ഒഴികെ, കടത്തപ്പെടുന്ന എല്ലാ തടികളിലും ഗുമസ്തൻ കടത്തിയതാണെന്നുള്ള അടയാളത്തിനായി മുദ്ര അടിക്കേണ്ടതാകുന്നു. സർക്കാർ ജീവനക്കാർ പാസ് കൊടുക്കുന്ന എല്ലാ തടികളിലും ഗവർന്മെൻറു മുദ്ര പതിക്കപ്പെടുന്നതും, തടികളുടെ ഉടമസ്ഥന്മാരൊ, തടിക്കച്ചവടം ഉള്ളവരൊ കച്ചവടക്കാരൊ കടത്തിക്കൊണ്ടുപോകുന്ന തടികളിൽ കുടികളുടെ മുദ്രയൊ മുതലടയാളമൊ പതിക്കേണ്ടതും ആകുന്നു. തടി ഏതു ഡിവിഷനിൽകൂടി കടത്തപ്പെടുന്നൊ ആ ഡിവിഷനിലെ ഡിവിഷനൽ ഫാറസ്റ്റ് ആപ്പീസരുടെ ആപ്പീസിൽ അങ്ങനെയുള്ള മുദ്രകളെയും അടയാളങ്ങളെയും റെജിസ്റ്റർ ചെയ്യേണ്ടതാകുന്നു. റെജിസ്റ്റർ ചെയ്യപ്പെടാത്ത യാതൊരു മുദ്രയും ഉപയോഗിക്കുന്നതു ന്യായമല്ല. ഓരൊ അടയാളത്തെയും റെജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് ൨൦ രൂപായാകുന്നു. വീണ്ടും ഒരു പ്രാവശ്യം റെജിസ്റ്റർ ചെയ്യുന്നതിനു ഫീസ് ൫ രൂപായായിരിക്കും. റെജിസ്റ്റർ ചെയ്യുന്നതു അതിനടുത്ത വരുന്ന കർക്കടകമാസം ൩൧നു വരെ സാധുവായിരിക്കുന്നതാകുന്നു. റെജിസ്റ്റർ ചെയ്യുന്ന ആൾക്കു ൯ ാം നമ്പർ ഫാറത്തിൽ, ഡിവിഷനൽ ഫാറസ്റ്റ് ആപ്പീസർ റെജിസ്റ്റർ ചെയ്തിട്ടുള്ള വിവരത്തിനു ഒരു സർട്ടിഫിക്കെററു കൊടുക്കേണ്ടതാകുന്നു.

എന്നാൽ വല്ല മുതലടയാളത്തെയും ഗവർന്മെൻറു അടയാളത്തിൽ നിന്നൊ മറെറാരാൾ ഉപയോഗിക്കുന്നതായ മുതലടയാളത്തിൽ നിന്നൊ എളുപ്പത്തിൽ തിരിച്ചറിയാൻ പാടില്ലെന്നു ഡിവിഷനൽ ഫാറസ്റ്റ് വിചാരിക്കുന്നു എങ്കിൽ ആകട്ടെ താൻ രേഖപ്പെടുത്തിവെയ്ക്കേണ്ടതായ മററു വല്ല നല്ല മതിയായ കാരണത്തിന്മേൽ ആകട്ടെ ഡിവിഷനൽ ഫാറസ്റ്റ് ആപ്പീസർ ആ മുതലടയാളത്തെ രജിസ്റ്റർ ചെയ്കയില്ലെന്നു നിരാകരിക്കയൊ രജിസ്റ്റർ ചെയ്തതിനെ റദ്ദാക്കുകയൊ ചെയ്യാവുന്നതാകുന്നു. അങ്ങിനെ നിരാകരിക്കുന്നതിന്മേൽ ബന്ധപ്പെട്ട കൺസർവേറററോടു അപ്പീൽ ചെയ്യാവുന്നതും കൺസർവേറററുടെ തീർച്ച അവസാനത്തീർച്ചയായിരിക്കുന്നതും ആകുന്നു.

൨൨. ഒഴിച്ചിടപ്പെടാത്ത ഭൂമിയിൽ വളരുന്ന മരങ്ങളെ വെട്ടുകയും കടത്തിക്കൊണ്ടുപോകയും ചെയ്യുന്നതിനു അപേക്ഷയുള്ള ആളുകൾ ഇന്നതാതു കാലം നിശ്ചയിക്കപ്പെടുന്ന ഫീസു കെട്ടിയാൽ ആപ്രകാരം ചെയ്യുന്നതിനു അവരെ അനുവദിക്കുന്നതാകുന്നു. അങ്ങനെ കടത്തിക്കൊണ്ടുപോകുന്നതിനു അനുവദിച്ചു കൊടുക്കുന്ന ലൈസൻസു മരങ്ങൾ വളരുന്ന റെഞ്ചിലെ റെഞ്ച് ഉദ്യോഗസ്ഥൻ ൫ ാം നമ്പർ ഫാറത്തിൽ കൊടുക്കേണ്ടതാകുന്നു. വനത്തിനു അടുത്തുള്ള കുടികളുടെ വക വസ്തുവിൽ നില്ക്കുന്ന മരങ്ങളെ അതാതു റെഞ്ചിലെ റെഞ്ചാപ്പീസർ കൊടുക്കുന്ന പാസ്സോടുകൂടിയൊ വനങ്ങളിൽനിന്നു അകലെയാണെങ്കിൽ അതാതു താലൂക്കിലെ തഹശീൽദാർ കൊടുക്കുന്ന പാസ്സോടുകൂടിയൊ മാററിക്കൊണ്ടുപോകാവുന്നതാകുന്നു.

മേൽപറഞ്ഞപ്രകാരമുള്ള പാസ്സോടുകൂടിയല്ലാതെ കരവഴിയായൊ ജലംവഴിയായൊ മരങ്ങളെ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തിലേക്കു കടത്തിക്കൊണ്ടു പോകുന്നതു ന്യായമായിരിക്കയില്ല. അങ്ങനെയുള്ള പാസുകളെ എല്ലാം സംബന്ധം ഡിപ്പോകളിലും കാവൽ സ്റ്റേഷനുകളിലും ഹാജരാക്കേണ്ടതും, തടിയുടെ വിഷയത്തിലെന്നപോലെ പാസു കാണാൻ അവകാശപ്പെടുന്ന ഏതും സംബന്ധം ഉദ്യോഗസ്ഥനെയും പോലീസു ഉദ്യോഗസ്ഥനെയും കാണിക്കേണ്ടതും ആകുന്നു.

൨൦. സാധാരണ കൺസർവെറററ ഗവർമ്മെൻറ ഉത്തരവുകളൊടുകൂടി വല്ല സമയത്തും പുതുതായി ചിട്ടപ്പെടുത്തുകയൊ ഇപ്പൊൾ ഉള്ളവയെ നിറുത്തൽ ചെയ്കയൊ ചെയ്യാവുന്നതാകുന്നു. പുതുതായി ഏർപ്പെടുത്തുന്ന സ്ഥലങ്ങളുടെയും നിറുത്തൽചെയ്യുന്ന സ്ഥലങ്ങളുടെയും ലിസ്റ്റ ഗസെററിൽ പ്രസിദ്ധപ്പെടുത്തപ്പെടുന്നതും ആ പരസ്യം പ്രസിദ്ധപ്പെടുത്തിയ തിയതിമുതൽ അവ യഥാക്രമം ഏർപ്പെടുത്തപ്പെട്ടതും നിറുത്തൽ ചെയ്യപ്പെട്ടതുമായി ഗണിക്കപ്പെടെണ്ടതും ആകുന്നു.

൨൧. സംബാധാരണ ഡിപ്പാട്ടുമെൻറിലെ ഉദ്യൊഗസ്ഥന്മാർക്ക ഒടിവായ വസ്തുവിൽ തടി ശെഖരിക്കുകയൊ അതിൽകൂടി കടത്തിക്കൊണ്ടു പൊകയൊ ചെയ്യുന്നതു ആവശ്യമാണെങ്കിൽ അങ്ങനെ ചെയ്യാവുന്നതാകുന്നു. അങ്ങനെ ശെഖരിക്കുന്നതുകൊണ്ടൊ കടത്തിക്കൊണ്ടു പൊകുന്നതുകൊണ്ടൊ വല്ല അപകടമൊ നഷ്ടമൊ ഉണ്ടായാൽ അതിലെക്ക തക്കതായ പ്രതിഫലം കൊടുക്കെണ്ടതും, അല്ലെങ്കിൽ, ഗവർമ്മെൻറു ചിലവിൽ അതു കെററം തീർക്കെണ്ടതും ആകുന്നു. പ്രതിഫലം കൊടുക്കയാണെങ്കിൽ അതു ഇത്രയാണെന്നു ഡിവിഷനൽ ഫാറസ്റ്റ് ആഫീസർ നിണ്ണയിക്കെണ്ടതാകുന്നു.

൨൨. സംഭരണത്തെ ഒഴുകിവരുന്ന എല്ലാ തടികളും, ഉടമസ്ഥൻ ആരാണെന്നു തെളിവായി അറിയാത്ത അടയാളം ഉള്ള തടികളും, അടയാളപ്പെടുത്താത്ത എല്ലാ തടികളും, ആറു മാസമായി ഉപെക്ഷിക്കപ്പെട്ടുകിടക്കുന്ന എല്ലാ തടികളും, വിപരീതം തെളിയിക്കപ്പെടുന്നതുവരെ, ഗവർമ്മെൻറു സ്വത്തായി ഗണിക്കപ്പെടുന്നതും, അങ്ങനെയുള്ള തടികളെ ഏററവും അടുത്ത ഡെപ്പൊവിലെക്കൊ കാവൽ സ്റ്റെഷനിലെക്കൊ അയക്കുന്നതിനും അല്ലെങ്കിൽ, അവയെ സൂക്ഷിക്കുന്നതിലെക്ക വെണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനും എല്ലാ വനം ഉദ്യൊഗസ്ഥന്മാരെയും പൊലീസ് ഉദ്യൊഗസ്ഥന്മാരെയും അധികാരപ്പെടുത്തിയിരിക്കുന്നതും ആകുന്നു.

